**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5064** | **27/06/2019 - ൽ മറുപടി നൽകേണ്ടിയിരുന്നത്**

## കസ്റ്റഡി മരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം സ്റ്റേഷനുകളിലാണ് കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുള്ളത്; ആരൊക്കെയാണ് ഇത്തരത്തിൽ മരണപ്പെട്ടത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-05-2019 വരെ 7 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.<br>1)അബ്ദുൾ ലത്തീഫ്<br>( ക്രൈം നം : 348/2016, വണ്ടൂർ പോലീസ് സ്റ്റേഷൻ, മലപ്പുറം)<br>2) കാളിമുത്തു<br>(ക്രൈം നം.1983/2016, തലശ്ശേരി പോലിസ് സ്റ്റേഷൻ, കണ്ണൂർ)<br>3) റെജ്ജ<br>(ക്രൈം നം.1127/2017, നൂറനാട് പോലീസ് സ്റ്റേഷൻ, ആലപ്പുഴ)<br>4) മധു<br>(ക്രൈം നം.87/2018, അഗളി പോലീസ് സ്റ്റേഷൻ, പാലക്കാട്)<br>5) ശ്രീജിത്ത്<br>(ക്രൈം നം.321/2018, വരാപ്പുഴ പോലീസ് സ്റ്റേഷൻ, എറണാകുളം റൂറൽ)<br>6) കൊട്ടുങ്ക് ചാമി @ സ്വാമിനാഥൻ<br>(ക്രൈം നം.644/2018, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ, കോഴിക്കോട്)<br>7) നവാസ് |

<table>
<tr><td></td><td></td><td></td><td>(ക്രൈം നം.643/2019, മണർക്കാട് പോലീസ് സ്റ്റേഷൻ)</td></tr>
<tr><td>(ബി)</td><td>കസ്റ്റഡിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്;</td><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയ നഷ്ടപരിഹാരങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>മരണപ്പെട്ട ആളുടെ പേര്</th><th>അനുവദിച്ച് നൽകിയ തുക (തീയതി ഉൾപ്പെടെ)</th><th>ജോലി നൽകിയിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചുള്ള വിശദ വിവരം</th></tr>
<tr><td>1</td><td>ഹനീഷ</td><td>1,00,000/- (ഒരു ലക്ഷം രൂപ) 13.07.2016 തീയതിയിലെ ഉത്തരവ്</td><td>ഇല്ല</td></tr>
<tr><td>2</td><td>ബെന്നി</td><td>1,00,000/- (ഒരു ലക്ഷം രൂപ) 15.07.2016 തീയതിയിലെ ഉത്തരവ്</td><td>ഇല്ല</td></tr>
<tr><td>3</td><td>ഗോപാലൻ</td><td>10,00,000/- (പത്ത് ലക്ഷം രൂപ) 03.09.2016 തീയതിയിലെ ഉത്തരവ്</td><td>ഇല്ല</td></tr>
<tr><td>4</td><td>ശ്രീജീവ്</td><td>1,00,000/- (ഒരു ലക്ഷം രൂപ) 13.07.2016 തീയതിയിലെ ഉത്തരവ്</td><td>ഇല്ല</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| 5 | ദീപു | 1,00,000/- (ഒരു ലക്ഷം രൂപ) 30.06.2017 തീയതിയിലെ ഉത്തരവ് | ഇല്ല |
| 6 | അശോക് | 1,00,000/- (ഒരു ലക്ഷം രൂപ) 15.05.2017, 15.05.2019 തീയതികളിലെ ഉത്തരവ് | ഇല്ല |
| 7 | ബാബു | 1,00,000/- (ഒരു ലക്ഷം രൂപ) 21.11.2018, 18.03.2019 തീയതികളിലെ ഉത്തരവ് | ഇല്ല |
| 8 | കാളിമുത്തു | 1,00,000/- (ഒരു ലക്ഷം രൂപ) 24.05.2018 തീയതിയിലെ ഉത്തരവ് | ഇല്ല |

കൂടാതെ, പോലീസ് കസ്റ്റഡിയിൽ മരണമടഞ്ഞ എറണാകുളം, വാരാപ്പുഴ, ദേവസ്വംപാടംകരയിൽ ഷേണായി പറമ്പിൽ ശ്രീ. രാമകൃഷ്ണൻ മകൻ ശ്രീജിത്തിന്റെ ഭാര്യ ശ്രീമതി അഖില പി.ബി. യ്ക്ക് എറണാകുളം ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ ക്ലർക്ക് തസ്തികയിൽ 15/05/2018 ലെ സ.ഉ.(കൈ)നം.103/2018/പൊ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കസ്റ്റഡി മരണത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ഡി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലോക്കപ്പിൽ മൂന്നാം മുറ പ്രയോഗിക്കരുതെന്ന് പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുമായുള്ള സമ്പർക്കത്തിൽ പോലീസുകാരുടെ പെരുമാറ്റം സൗഹൃദപരവും സഹായകരവുമാക്കുന്നതിനായി ഇൻസ്പെക്ടർ തലത്തിൽ സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സ്ട്രെസ്സ് മാനേജ്മെന്റ് ട്രെയിനിംഗ് എന്നിവ കേരളാ പോലീസ് അക്കാഡമിയിൽ നടത്തിവരുന്നു. ജനങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും അതിൻമേൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കുന്നതിനുമായി സി.പി.ഒ മുതൽ ഡി.വൈ.എസ്.പി വരെയുള്ളവർക്ക് ആക്ടീവ് ലിസണിംഗ് സ്കിൽ ട്രെയിനിംഗ് കേരളാ പോലീസ് അക്കാഡമിയിൽ നടത്തി വരുന്നുണ്ട്. |

Rejily

**സെക്ഷൻ ഓഫീസർ**

# Annexure

| ക്രമ നം. | മരണപ്പെട്ട ആളുടെ പേര് | പോലീസ് സ്റ്റേഷൻ ജില്ല | ക്രൈം നം./ ജില്ല | കേസിൻറെ ഇപ്പോഴത്തെ അവസ്ഥ | പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടി |
|---|---|---|---|---|---|
| 1 | അബ്ദുൾ ലത്തീഫ് | വണ്ടൂർ മലപ്പുറം | Cr.348/2016 U/s 174 Cr.PC | അന്വേഷണാവസ്ഥയിലാണ് (ഡെപ്യൂട്ടി സൂപ്രണ്ട് , ഡിസ്ട്രിക്റ്റ് ക്രൈം ബ്രാഞ്ച്, മലപ്പുറം) | വണ്ടൂർ പോലീസ് സ്റ്റേഷനിലെ മനോജ് (SCPO 3494), സതീഷ് CPO 4987, സനീഷ് (SHO) എന്നിവരെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചെടുത്തു സനീഷ് എസ്ഐ യുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ ഒരു വർഷത്തേക്കും , സതീഷ് സിപിഒ 4987 യുടെ വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ രണ്ടു വർഷത്തേക്ക് തടഞ്ഞു വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. |
| 2 | കാളിമുത്തു | തലശ്ശേരി കണ്ണൂർ | Cr.No. 1983/16 U/s 174 Cr.PC | അന്വേഷണാവസ്ഥയിലാണ് | എം എസ് ഫൈസൽ, SHO തലശ്ശേരി പോലീസ് സ്റ്റേഷൻ, വി വി രാമചന്ദ്രൻ, GASI 4170 , സി രമേശൻ ജിഎഎസ്ഐ 4250 എന്നി പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ്ചെ യ്യുകയും പിന്നീട് സർവീസിൽ തിരിച്ചെടുത്തു ഇവരുടെ വാർഷിക വെതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു വച്ചിട്ടുള്ളതുമാണ്. |
| 3 | റെജു | നൂറനാട്, ആലപ്പുഴ | Cr.1127/17 u/s 225 (B) IPC | കസ്റ്റഡി മരണമാണോ എന്നു തീർച്ചപ്പെടുത്തുന്നതിന് വേണ്ടി DG prosecution നു അയച്ചു കൊടുത്തിട്ടുള്ളതാണ്. | പോലീസുകാർക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്. |
| 4 | മധു | അഗളി പാലക്കാട് | Cr. No. 87/18 Crime. No. 87/18 of Agali Police station u/s 174 Cr. PC altd. Section 143, 147, 148, 342, 323, 324, 325, 364, 365, 367, 368, 302 r/w 149 IPC, Section 3 (1) (d) (r), Section 3(2) (v) of SC/ST PoA Act 1989 and Section 27 (2) (c) of Kerala Forest Act . | അന്വേഷണാവസ്ഥയിലാണ് (Special Team consisting of DySP Agali & DySP, Narcotic cell PLKD under the supervision of IGP TSR Range.) | പ്രസ്തുത കേസിൽ പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടില്ല |
| 5 | ശ്രീജിത്ത് | വരാപ്പുഴ, എറണാകുളം റൂറൽ | Cr. No. 321/18 | അന്വേഷണാവസ്ഥയിലാണ് | പ്രസ്തുത കേസിൽ പ്രതിയാക്കപ്പെട്ട ക്രിസ്പിൻ സാം CI, ദീപക് SI, ജയനന്ദൻ ASI, SCPO 8765 സന്തോഷ് ബേബി , സിപിഒ ഇ 11953 ശ്രീരാജ്, സിപിഒ ഇ 10066 ബി സുനിൽകുമാർ, സിപിഒ 12510 സന്തോഷ് കുമാർ പി പി, സിപിഒ ഇ ജിതിൻ രാജ്, സിപിഒ 12593 സുമേഷ് എം എസ് എന്നി 9 പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും വകുപ്പ് തല നടപടികൾ സ്വീകരിച്ചിട്ടുള്ളതും ഈ ഉദ്യോഗസ്ഥരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്. GASI 7346 സുധീറിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവീസിൽ തിരിച്ചെടുത്ത് വകുപ്പ് തല നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എറണാകുളം റൂറൽ ജില്ലയിലെ പോലീസ് മേധാവിയായിരുന്ന ശ്രീ എ വി ജോർജിനെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവീസിൽ തിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളതാണ്. |
| | | | | പോലീസിൽ നിന്നുള്ള | |

| | | | | | |
|---|---|---|---|---|---|
| 6 | സ്വാമിനാഥൻ | മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി | Cr. No. 644/18 U/s 174 CrPC | ദേഹോപദ്രവം ഏറ്റിട്ടില്ലെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ സ്വഭാവിക മരണമായി പരിഗണിച്ചു കൊണ്ട് തുടർനടപടികൾ ആവശ്യമില്ലാത്തതായി ഉത്തരവ് ഉണ്ടാകുന്നതിനായി കോടതി മുൻപാകെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതാണ്. | പോലീസുകാർക്കെതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ്. |
| 7 | നവാസ് | മണർകാട്, കോട്ടയം | Cr. No. 653/19 U/s 174 CrPC. | അന്വേഷണാവസ്ഥയിലാണ് | പ്രസാദ് എഎസ്ഐ (G), സെബാസ്റ്റ്യൻ സിപിഒ 7542 എന്നിവരെ സർവീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതും, സ്റ്റേഷൻ IP ഷിജിക്കെതിരെ വകുപ്പ് തല അന്വേഷണം നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ